## പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ മുതുതല ഗ്രാമ പഞ്ചായത്ത് പ്രഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിനായി ഭൂമി എറ്റെടുക്കൽ




പാലക്കാട് ജില്ലാ ഭരണകൂടത്തിനുവേണ്ടി

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

**കരട് റിപ്പോർട്ട്**

10 നവംബർ 2019

**അർത്ഥനാധികാരി**

**മുതുതല ഗ്രാമ പഞ്ചായത്ത്, പാലക്കാട്**

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്

RAJAGIRI outREACH

രാജഗിരി ഔട്ട്റീച്ച്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ:683 104

ഫോൺ: 0484 2911330 – 332
rossrajagiri@gmail.com
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ളഅവലോകനം

3.5.തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം.

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം,വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി,സ്ഥലത്തിൻെറ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

## അദ്ധ്യായം 5:ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചുംവസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

*5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

*5.6.1പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

*5.6.2 പദ്ധതി ആഘാത ബാധിതമായേക്കാവുന്ന കച്ചവട സ്ഥാപനങ്ങൾ.*

**അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ
6.2 വരുമാനവും ദാരിദ്ര്യതലവും
6.3 ദുർബ്ബലജനവിഭാഗം
6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും
6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ
6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ
6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും
6.8 ഭരണ സംഘടനകൾ
6.9 രാഷ്ട്രീയ സംഘടനകൾ
6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ
6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ.
6.12 ജീവിതസാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം
7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ
7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ
7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ
7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ
7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി
7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപനസംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും
8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക
8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷ

മതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10 : സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 ശുപാർശകൾ

## പട്ടികകൾ

| പട്ടിക നം. | ഉള്ളടക്കം |
|---|---|
| പട്ടിക 1.3.1 | എറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയും സർവ്വെ നമ്പറും |
| പട്ടിക 3.3.1. | പഠന സംഘം |
| പട്ടിക 3.5.1. | മീറ്റിങ്ങുകലുടെ സമയ ക്രമം |
| പട്ടിക 5.1.1. | പ്രത്യാഘാത ബാധിത കുടുംബങ്ങൾ |
| പട്ടിക 5.6 | സാമൂഹ്യ വിഭാഗം |
| പട്ടിക 5.6.2(എ) | കുടംബ ഘടന |
| പട്ടിക 5.6.2(ബി) | വൈവാഹികാവസ്ഥ |
| പട്ടിക 6.1.1. | ആഘാത ദുരീകരണ ആസൂത്രണം |

## ചിത്രങ്ങൾ

| ചിത്രങ്ങൾനം. | ഉള്ളടക്കം |
|---|---|
| ചിത്രം 4.7.1. | മത വിഭാഗം |
| ചിത്രം 4.7.2. | പ്രായം |
| ചിത്രം 4.8.1. | വിദ്യാഭ്യാസം |

## അദ്ധ്യായം 1
## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരത്തിൻെറ വടക്കു പടിഞ്ഞാറെ ഭാഗത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് മുതുതല. കേരള സംസ്ഥാനത്തിൻെറ മദ്ധ്യഭാഗ ത്തായാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഭാരതപ്പുഴയുടെ തീരത്താണ് മുതുതല ഗ്രാമം രൂപം കൊണ്ടിരിക്കുന്നത്.

ഇന്ത്യയിലെ ആരോഗ്യ പരിരക്ഷാ സംവിധാനം പ്രധാനമായും മൂന്ന് തലങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. പ്രാഥമിക ഘട്ടം, ദ്വിതീയ ഘട്ടം, തൃതീയ ഘട്ടം. പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി), സബ്ബ് സെൻററുകൾ എന്നിവ പ്രാഥമിക തലത്തി ലും, കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളും (സി.എച്ച്.സി) ഉപജില്ലാ ആശുപത്രികളും ദ്വിതീയ തലത്തിലും, ആരോഗ്യ പരിരക്ഷാ സേവനങ്ങൾ നൽകുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ താഴെക്കിടയിലെ ആളുകൾക്ക് താങ്ങാനാകുന്ന ചിലവിൽ പ്രാപ്യമായ ആരോഗ്യ പരിരക്ഷയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെ പ്രദേശ വാസികൾക്ക് കൂടുതൽ വിപുലമായ ആശുപത്രി അധിഷ്ടിത പരിചരണം അതായത് ജനറൽ സ്പെഷ്യലിസ്റ്റും സൂപ്പർ സ്പെഷ്യലിസ്റ്റ് പരിചരണത്തിനും മുൻപ് വൈദഗ്ദ്ധ്യമുള്ള മെഡിക്കൽ പരിചരണം നൽകുന്നു. പട്ടാമ്പി താലൂക്കിലെ മുതുതലയിൽ പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം പണിയുവാൻ മുതുതല ഗ്രാമ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. നിലവിലുള്ള മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം പരിമിതമായ സൗകര്യങ്ങ ളിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ തന്നെ മുതുതല പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ കൂടുതൽ മെച്ചപ്പെടുത്തുകയെന്നുള്ള താണ് പദ്ധതിയുടെ ലക്ഷ്യം.

നിർദ്ദിഷ്ട മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം പദ്ധതിക്ക് വേണ്ടി 50 സെൻറ് (20 ആർ) ഭൂമി ഏറ്റെടുക്കുന്നതിന് 08.03.2019 തീയതിയിലെ 578/2019/LSGD .നമ്പറിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചു.

**1.2 പദ്ധതി പ്രദേശം**

പഞ്ചായത്ത് – മുതുതല

വില്ലേജ് – മുതുതല

താലൂക്ക് പട്ടാമ്പി

ജില്ല – പാലക്കാട്

**1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ മുതുതല വില്ലേജിൽ മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുവാൻ 50 സെൻറ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി രണ്ട് കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി കൂടുതലും തരിശായി കിടക്കുന്നതാണെങ്കിലും ബാക്കിയുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നു. റവന്യൂ രേഖകളിൽ മുഴുവൻ സ്ഥലം 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി ബാധിത ഭൂമിയിലെ ഏതാനും വൃക്ഷങ്ങൾ പദ്ധതിക്കായി വെട്ടിമാറ്റേണ്ടി വരും. ഏറ്റെടുക്കുന്ന ഭൂമിയുടെ വിലയിരുത്തൽ അനുസരിച്ച് പദ്ധതി ബാധിതരായ രണ്ട് കുടുംബങ്ങൾക്ക് ഭൂമി നഷ്ടപ്പെട്ടേക്കും, ഇത് പദ്ധതിയുടെ വലിയ പ്രത്യാഘാതമാണ്.

ഒരു കുടുംബത്തിലെ രണ്ട് വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഏറ്റെടുക്കേണ്ട ഭൂമിയുടെ റീസർവ്വേ നമ്പറുകളും ഭൂമിയുടെ വ്യാപ്തിയും ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 1.3.1**

| നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 26 | 195/3 | Wet land | 50 cent (20.234 ares) |

### 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പട്ടാമ്പി മുതുതല റോഡിലെ പട്ടാമ്പി കോപ്പറേറ്റീവ് ബാങ്കിൻെറ അടുത്തായാണ് പദ്ധതി പ്രദേശം. ഇത് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതും ഗതാഗത സൗകര്യം ഏറിയ പ്രദേശവും ആണെന്നതിനാൽ മറ്റ് ഇതര മാർഗ്ഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

ആഘാത ബാധിതരായ രണ്ട് വ്യക്തികൾക്ക് അവരുടെ ഭൂമി നഷ്ടപ്പെടുന്നു എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. ഇവരിൽ അനിത ടി.പി എന്ന വ്യക്തിക്ക് കൃഷി സ്ഥലവും ചുറ്റുമതിലും നഷ്ടപ്പെടുന്നു. കൂടാതെ തെങ്ങ് നെല്ല്, കപ്പ തുടങ്ങിയ മരങ്ങളുടെയും നാണ്യവിളകളുടെയും ആദായം നഷ്ടപ്പെടുന്നു എന്നത് പദ്ധതിയുടെ പ്രത്യാഘാതമാണ്. പദ്ധതിയുടെ മറ്റൊരു വിപരീത പ്രത്യാഘാതങ്ങൾ താഴെ പറയുന്ന വിധത്തിൽ ചുരുക്കി പ്രതിപാദിക്കാം,

ഭൂമി നഷ്ടം : രണ്ട് കുടുംബങ്ങൾ

ഉപജീവനമാർഗ്ഗം നഷ്ടമാകൽ : 50 സെൻറ്

മരങ്ങളും വിളകളും നഷ്ടമാകൽ : 5 തെങ്ങ്, നെല്ല്, കപ്പ (നിലവിൽ കൃഷിയില്ല)

മറ്റ് നഷ്ടങ്ങൾ : ചുറ്റുമതിൽ

മേൽപ്പറഞ്ഞ പ്രത്യാഘാതങ്ങളുണ്ടെങ്കിലും, പദ്ധതി ജനങ്ങളുടെ ആരോഗ്യ പരിരക്ഷയും, ആശുപത്രി സൗകര്യവും സുദൃഢമാക്കുമെന്നതിനാൽ പ്രസ്തുത പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്രദമായിരിക്കും.

### 1.6. ലഘൂകരണ നടപടികൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെ ടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും

സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 19.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(P)No.470/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017 /RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ-പുനസ്ഥാപന നടപടികൾ

## അദ്ധ്യായം 2
## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

വികസ്വര രാജ്യങ്ങളിലെ പൊതുജനാരോഗ്യ സേവന രംഗത്തെ അടിസ്ഥാന ഘടകം എന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് (പി.എച്ച്.സി). ഇവ ആളുകൾക്ക് വേഗത്തിൽ സമീപിക്കാനും, സൗജന്യമായ ആരോഗ്യ പരിരക്ഷ പ്രദാനം ചെയ്യുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ ആരോഗ്യ രംഗത്തെ സാമൂഹ്യ അസമത്വങ്ങൾ കുറയ്ക്കുക, ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ആരോഗ്യ സേവനങ്ങൾ സംഘടിപ്പിക്കുക, ആരോഗ്യത്തെ എല്ലാ മേഖലകളിലേയ്ക്കും സമന്വയിപ്പിക്കുക, സഹകരണ മാതൃകയിലുള്ള പോളിസികൾ നടപ്പിലാക്കുക, ആരോഗ്യ തൊഴിൽശക്തി സാമൂഹ്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുക എന്നിവയാണ്.

മിനിമം നീഡ്സ് പ്രോഗ്രാം (എം.എൻ.പി.), അടിസ്ഥാന മിനിമം സർവ്വീസസ് പ്രോഗ്രാം (പി.എം.എസ്) എന്നിങ്ങനെയുള്ള വ്യത്യസ്ത പ്രോഗ്രാമുകളുടെ കീഴിൽ സംസ്ഥാന സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഈ കേന്ദ്രങ്ങളുടെ തലവൻ മെഡിക്കൽ ഓഫീസറും, അദ്ദേഹത്തെ പിന്തുണയ്ക്കുന്ന 14 പാരാമെഡിക്കൽ സംഘവും മറ്റ് ഉദ്യോഗസ്ഥരുമാണ്. ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നത് '6" ഉപകേന്ദ്രങ്ങളുടെ റഫറൽ യൂണിറ്റായി പ്രവർത്തിക്കുന്നു. ഇവിടെ രോഗികൾക്കായി നാലു മുതൽ ആറു വരെ ബെഡുകൾ ഉണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങൾ എന്നത് രോഗപ്രതിരോധം, രോഗനിവാരണം, പുരാതന ആരോഗ്യ സംരക്ഷണം, കുടുംബാരോഗ്യ സംരക്ഷണം എന്നിവയാണ്.

ഗ്രാമീണ ആരോഗ്യ സംരക്ഷണത്തിന്റെ മൂലക്കല്ല് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ്. ഗ്രാമീണ ജനതയുടെ ആരോഗ്യ പരിപാലന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും പ്രധാന പങ്കു വഹിക്കുന്നു. ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ ഏകദേശം 1,00,000

ത്തോളം ആളുകൾ ഉണ്ട്. ഇങ്ങനെയുള്ള 100 ഓളം ഗ്രാമങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വ്യാപിച്ചിരിക്കുന്നു.

ഒരു മെഡിക്കൽ ഓഫീസർ, ബ്ലോക്ക് എക്സ്റ്റൻഷൻ എഡ്യുക്കേറ്റർ, വനിത ഹെൽത്ത് അസിസ്റ്റൻറ്, കമ്പൗണ്ടർ, ഡ്രൈവർ, ലാബോറട്ടറി ടെക്നീഷ്യൻ എന്നിവർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സേവനം അനുഷ്ടിക്കുന്നു.

രോഗികൾക്ക് നിരന്തരവും സമഗ്രവുമായ പരിചരണം നൽകുക എന്നതാണ് പ്രാഥമിക ആരോഗ്യ സംരക്ഷണത്തിൻെറ പ്രധാന ദൗത്യം. രോഗികൾക്ക് വിവിധ സാമൂഹ്യക്ഷേമ, പൊതുജനാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഭരണസമിതികളും സംഘടനകളും സഹായിക്കുന്നു. സമൂഹത്തിലെ താഴെക്കിടയിലെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ആരോഗ്യവും സാമൂഹികതിഷ്ഠിതമായ സേവന ങ്ങളും എത്തിച്ചുകൊടുക്കുക എന്നതും പ്രാഥമിക ആരോഗ്യ പരിപാലനത്തിൻെറ ഒഴിച്ചുകൂടാനാവാത്ത മറ്റൊരു പ്രധാന പങ്കാണ്.

രോഗപ്രതിരോധ നടപടികൾ, വിട്ടുമാറാത്ത രോഗങ്ങളുടെ നിയന്ത്രണം, സ്വയം പരിചരണം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിയ ഒരു സജീവമായ ആരോഗ്യ പരിരക്ഷാ സമീപനം രോഗികൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്നു. അതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷ യുടെ പ്രയോജനങ്ങളെ സംബന്ധിച്ച ഉറച്ച ബോധ്യം ഉണ്ടാക്കുന്നു. അതോടൊപ്പം സമൂഹത്തിന് വിപുലമായ ആരോഗ്യ പരിരക്ഷാ സംവിധാനത്തിലേയ്ക്ക് കൂടുതൽ പ്രാപ്യത നൽകുകയും, രോഗ കാലതാമസം തടയുകയും കൂടുതൽ മികച്ച ആരോഗ്യ ഫലങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷ കാരണമാകുകയും ചെയ്യുന്നു.

ഗ്രാമീണ സമൂഹവും മെഡിക്കൽ ഓഫീസറും തമ്മിലുള്ള ആദ്യത്തെ സമ്പർക്ക ബിന്ദു എന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രമാണ്. ഇത് ജനങ്ങൾക്ക് രോഗ പ്രതിരോധവും, രോഗനിവാരണവും, ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങളും നൽകുന്നു.

14-02-2019 തീയതിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 319/2019/LSGD പ്രകാരം മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണ പദ്ധതിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി പാലക്കാട് ജില്ലാ ആസൂത്രണ സമിതി നൽകി.

**2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി.**

കേരള സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽപ്പെട്ട ഗ്രാമമാണ് മുതുതല. ഇത് കേരളത്തിൻെറ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണ്. ജില്ലാ ആസ്ഥാനമായ പാലക്കാട് നിന്നും 62 കിലോമീറ്റർ പടിഞ്ഞാറും പട്ടാമ്പിയിൽ നിന്നും 3 കിലോ മീറ്റർ മാറിയുമാണ് മുതുതല സ്ഥിതിചെയ്യുന്നത്. 2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം മുതുതല പഞ്ചായത്തിലെ ആകെ ജനസംഖ്യ എന്നത് 24,864 ആണ്. ഇതിൽ 11,815 പുരുഷന്മാരും, 13,046 സ്ത്രീകളും ഉൾപ്പെടുന്നു.

ഇന്ത്യൻ ഭരണഘടനയിൽ ഭാരതത്തിൻെറ ആരോഗ്യ സംരക്ഷണം കേന്ദ്ര സർക്കാരിനേക്കാൾ സംസ്ഥാന സർക്കാരിൻെറ അധികാര പരിധിയിലായി വ്യവസ്ഥ ചെയ്യപെട്ടിരിക്കുന്നു. അതിനാൽ പോഷകാഹാര നിലവാരവും ജീവിത നിലവാരവും ഉയർ ത്താനും പൊതുജനാരോഗ്യം പ്രഥമ കടമയായി നിർവ്വഹിക്കാനും ഓരോ സംസ്ഥാനവും ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. മുതുതല പഞ്ചായത്തിൽ നിലവിൽ ഒരു ആരോഗ്യ കേന്ദ്രമുണ്ടെങ്കിലും അത് വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പ്രധാന തടസം പരിമിതമായ സൗകര്യങ്ങളാണ്. ആയതിനാൽ മുതുതല ഗ്രാമത്തിന് ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ആവശ്യമാണ്. അതിനായി മുതുതല ഗ്രാമപഞ്ചായത്ത് ബ്ലോക്ക് നമ്പർ 195/3-ൽ പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുവാൻ നിർദ്ദേശിച്ചു. പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല ഗ്രാമപഞ്ചായത്തിലെ 50 സെൻറ് സ്ഥലം പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാ ണത്തിനായ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 ഭാഗം2(b)(1)പ്രകാരം പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

**2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

പട്ടാമ്പി താലൂക്കിലെ മുതുതല വില്ലേജിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുവാൻ ആവശ്യമുള്ളതായി വരുന്നത് 50 സെൻറ് ഭൂമിയാണ്. ഇതിനായി പാലക്കാട്

ജില്ലാ ആസൂത്രണ സമിതി 15 ലക്ഷം രൂപയുടെ അനുമതി പദ്ധതിക്ക് നൽകിയിരിക്കുന്നു.

**2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

മുതുതലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുക എന്നതാണ് നിർഷ്ട പദ്ധതി. മുതുതല എന്നത് വലിയ ജനസംഖ്യയുള്ള ഒരു നാട്ടിൻ പ്രദേശമാണ്. അതിനാൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം മുതുതലയിൽ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. എറ്റെടുക്കാൻ ഉദേശിക്കുന്ന ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സഷ്യപ്പെടുത്തീയിട്ടുണ്ട്. ഭൂമി എറ്റെടുക്കൽ മൂലം പദ്ധതി ബാധിതരായ ഒരു വ്യക്തിയുടെയും വീട് പദ്ധതി ബാധകമാകുന്നില്ല, ആയതിനാൽ മറ്റാരെയും പുനരധിവസിപ്പിക്കെണ്ടതായി വരുന്നില്ല. അതിനാൽ പദ്ധതിക്കുവേണ്ടി മറ്റ് മർഗങ്ങൾ പരിശോധിച്ചിട്ടില്ല.

**2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടം സർക്കാർ നിയോഗിക്കുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഭൂമി ഏറ്റെടുക്കലാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ, ആഘാത ദൂരീകരണം, നഷ്ടപരിഹാര/പുനഃസ്ഥാപന നടപടികൾ എന്നിവ ഈ ഘട്ടത്തിൽ ഉൾപ്പെടുന്നു. ടെണ്ടറിങ് നടപടികൾ, കോൺട്രാക്ടറെ ചുമതലപ്പെടുത്തൽ, നിർമ്മാണം അതിനു ശേഷം പൊതുജനത്തിന്റെ ഉപയോഗത്തിനു വേണ്ടി വിട്ടുനൽകൽ എന്നിവയാണ് രണ്ടാം ഘട്ടം.

**2.6 പദ്ധതിയുടെ രൂപരേഖ,വലിപ്പം, സൗകര്യങ്ങൾ**

ബാധകമല്ല

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി**ടെണ്ടറിങ്ങ് നടപടികളുടെ വേളയിൽ പാലക്കാട് ജില്ലാ ആസൂത്രണ സമിതി തീരുമാ നിക്കുന്ന

അനുയോജ്യമായ യന്ത്രസാമഗ്രികളും സ്ഥിരവും താൽകാലികവുമായ തൊഴിൽശക്തിയും പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടായിരിക്കും.

**2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

മുതുതല ഗ്രാമ പഞ്ചായത്ത് പ്രസിഡൻറിൻെറ 21-01-2019–ലെ കത്ത് പ്രകാരം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലോ മറ്റ് ബന്ധപ്പെട്ട പഠനങ്ങളോ പദ്ധതിയ്ക്ക് വേണ്ടി മുന്നേ നടത്തിയിട്ടില്ല. പദ്ധതിയുടെ സാങ്കേതിക സാധ്യതാ പഠന രേഖയും പഠന ആവശ്യത്തിനായി ലഭ്യമായിരുന്നില്ല.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല വില്ലേജിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- ➢ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ➢ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർG.O.(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(Ms)No.448/2017/RDപ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കു ന്നതിനുള്ള പോളിസി
- ➢ വിവരാവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

## 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ളവിവരങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013-ൻെറ വകുപ്പ് 4(1) പ്രകാരം പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല വില്ലേജിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യപ്രത്യാഘാത നിയന്ത്രണ ആസൂത്രണം തയ്യാറാക്കുന്നതിനും റവന്യൂ (ബി) വകുപ്പ് **14/02/2019** തീയതിയിലെ **G.O(P)No.319/ 2019/LSGD** കേരള ഗസറ്റ് പ്രകാരം വിഞ്ജാപനം പുറപ്പെടുവിച്ച് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തി, അതിൻ പ്രകാരം സമാനമായ പദ്ധതികളിൽ പരിചയ സമ്പന്നരായ വ്യക്തികൾക്ക് നിശ്ചിതമായ ഉത്തരവാദിത്വങ്ങളും, കർത്തവ്യങ്ങളും നൽകി പഠനസംഘത്തിന് രൂപം നൽകി.

*പട്ടിക 3.1.1*

*പഠന സംഘം*

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ്, | എം.എ(എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ്, എസ്.ഐ.എ | വിദ്യാഭ്യാസ മേഖലയിൽ 22 വർഷത്തെ പ്രവർത്തന പരിചയം, പ്രിൻസിപ്പാൾ,രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് |
| 2 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ ചെയർപേഴ്സൺ എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷംപ്രവർത്തനപരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡവലപ്പ്മെൻറ് ഓഫീസർ എസ്.ഐ.എ, | വികസനമേഖലയിൽ 24 വർഷം പ്രവർത്തനപരിചയം |
| 6 | ടോണി ബാബു | റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷം പ്രവർത്തനപരിചയം |
| 7 | ജിജിൻ പി എസ് | റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷം പ്രവർത്തനപരിചയം |

**3.2 സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് മുന്നോടിയായി അർത്ഥനാധികാരിയിൽ നിന്ന് പഠനസംഘം ഈ പദ്ധതിയെക്കുറിച്ചുള്ള പരമാവധി വിവരങ്ങൾ ശേഖരിച്ചു. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ നിർമ്മാണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ മുതുതല പഞ്ചായത്ത് പഠന സംഘത്തിന് നൽകി.

ഫീൽഡ് നിരീക്ഷകർ പ്രദേശത്ത് ഭവന സന്ദർശനം നടത്തുകയും, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക സാമ്പത്തിക സർവ്വേയിലൂടെ കൂടുതൽ

വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഭൂഉടമകളിൽ നിന്നും മറ്റ് ആഘാതബാധിത വ്യക്തികളിൽ നിന്നും നേരിട്ടാണ് പ്രാഥമിക വിവര ശേഖരണങ്ങൾ നടത്തിയത്. പദ്ധതി ബാധിത ഭൂമിയിൽ 10 വർഷമായി ഉടമസ്ഥാവകശം ഉള്ള 1 കുടുംബത്തിലെ 2 വ്യക്തികളെ പഠന സംഘം കണ്ടെത്തി. എങ്കിലും ഒരു കുടുംബത്തിൻെറ മാത്രമെ അഭിമുഖം നടത്താൻ കഴിഞ്ഞുള്ളു. മറ്റൊരു കുടുംബം കുറച്ചുകാലമായി വിദേശത്താണ് താമസിക്കുന്നത്.

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

ഒരോരുത്തരും പദ്ധതിയ്ക്ക് വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂല മുണ്ടായേ ക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃക പരിശോധനാ രീതിയെക്കാൾ സാമൂഹ്യസാമ്പത്തിക സർവ്വേയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. പഠനവിധേയരാകേണ്ടത് 2 ഭൂവുടമകൾ ആയതിനാൽ നിശ്ചിത സമയത്തിനകം വിവരശേഖരണം നടത്തുവാൻ കഴിഞ്ഞു.

### 3.4.പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചു മുള്ളഅവലോകനം

പഞ്ചായത്ത്/റവന്യൂ/ജില്ലാഭരണകൂടം എന്നിവിടങ്ങളിൽ നിന്നും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ, ഫീൽഡ് നിരീക്ഷകർ വിവിധ ഘട്ടങ്ങളിലായി ശേഖരിച്ചു. സാമൂഹ്യ സാമ്പത്തിക പ്രത്യാഘാത സർവ്വേയിലൂടെ ആഘാതബാധിതരിൽ നിന്ന് വിവര ശേഖരണം നടത്തുന്നതിന് നിശ്ചിത ഘടനയിലുള്ള ചോദ്യാവലി തയ്യാറാക്കി, പരിശോധനയും, വിലയിരുത്തലും നടത്തി. പദ്ധതി ബാധിതരായ 1 വ്യക്തി സർവ്വേയിൽ നേരിട്ട് പങ്കെടുത്ത് വിവരങ്ങൾ നൽകി. ജനസംഖ്യാപരം/സാമ്പത്തികം/കുടുംബം/ഉപജീവനം/ പദ്ധതി പ്രദേശത്തുള്ള സജീവവും നിഷ്ക്രിയവുമായ വസ്തുക്കൾ/ആഘാതത്തിൻെറ തരവും വ്യാപ്തിയും എന്നീ വിവരങ്ങൾ ലഭ്യമാകുന്നതിനുതകുന്ന ചോദ്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരുന്നത്. ലഭ്യമായ വിവരങ്ങളും പ്രതികരണങ്ങളും സ്റ്റാറ്റിസ്റ്റിക്കൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം നടത്തിയതിൻ പ്രകാരം ലഭിച്ച കണ്ടെത്തലുകൾ പഠന സംഘത്തിൻെറ ശുപാർശകളും ഒന്നിച്ച് രേഖയാക്കി.

### 3.5 തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനത്തിൻെറ ഭാഗമായി പ്രധാന തൽപരകക്ഷികളുമായി വിവിധ മീറ്റിംഗുകളും, അഭിമുഖങ്ങളും ചർച്ചകളും നടത്തി, ആഘാത ബാധിത വ്യക്തികൾ, അർത്ഥനാധി കാരിയുടെ പ്രതിനിധികൾ, ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, മറ്റ് തൽപര കക്ഷികൾ എന്നിവരുമായി 2019 നവംബർ 3-നു പബ്ലിക്ക് ഹിയറിംഗ് നടത്തും.

**പട്ടിക(3.5.1)**

**മീറ്റിങ്ങുകളുടെ സമയ ക്രമം**

| ക്രമ നമ്പർ | തീയതി | പ്രവർത്തനം/മീറ്റിംഗ് | വേദി |
|---|---|---|---|
| 1 | 19.08.2019 | പ്രാരംഭ പഠനം | മുതുതല |
| 2 | 19.08.2019 | പഞ്ചായത്ത് പ്രസിഡൻറുമായി മീറ്റിംഗ് | മുതുതല |
| 3 | 31.08.2019 | സാമൂഹ്യ സാമ്പത്തിക സർവ്വേ, ഗ്രൂപ്പ് ചർച്ച, അഭിമുഖം | മുതുതല |
| 4 | 15.10.2019 | ഭൂമിയേറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി മീറ്റിംഗ് | സിവിൽസ്റ്റേഷൻ, പാലക്കാട് |
| 5 | 04.11.2019 | പബ്ലിക്ക് ഹിയറിംഗ് നോട്ടീസ് വിതരണവും വാർത്താ പ്രക്ഷേപണവും | മുതുതല |
| 6 | 13.11.2019 | പബ്ലിക്ക് ഹിയറിംഗ് | പഞ്ചായത്ത് ഹാൾ, മുതുതല |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ മുതുതല പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ഉണ്ടെങ്കിലും അത് വാടക കെട്ടിടത്തിൽ പരിമിത സൗകര്യങ്ങളോടു കൂടെയണ് പ്രവർത്തിക്കുന്നത്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്നത്, മുതുതല പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുക എന്നതാണ്. മുതുതല പ്രദേശം ജനസംഖ്യയിൽ വളരെ മുൻപിൽ നിൽകുന്നതിനാൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പ്രാഥമിക ആരോഗ്യ കേന്ദ്രം ഒരു ആവശ്യമാണ്. പദ്ധതി പൂർത്തികരണത്തിനായി പദ്ധതി പ്രദേശത്തെ 2 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 50 സെൻറ് സ്ഥലം ഏറ്റെടുക്കപ്പെടേണ്ടതായി വരും. ഏറ്റെടൂക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കൃഷി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഭൂരിഭാഗം ഭൂമിയും തരിശായി കിടക്കുന്നതാണ്. റവന്യൂ രേഖകൾ അനുസരിച്ച് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ ഭൂമിയും നിലം രേഖപ്പെടുത്തിയിരിക്കുന്നു.

പദ്ധതി പൂർത്തീകരണത്തിനായി പ്രദേശത്തെ ഏതാനും മരങ്ങൾ മുറിച്ചു മാറ്റേണ്ടിവരും. എറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി 2 വ്യക്തികളുടെ ഉടമസ്ഥതയി ലുള്ളതിനാൽ ഇവർക്ക് തങ്ങളുടെ ഭൂമി നഷ്ടമാകും. ഇത് ഈ പദ്ധതിയുടെ വലിയ പ്രത്യാഘാതമാണെന്ന് മനസിലാക്കുന്നു. കൂടാതെ ആഘാത ഭൂമിയിൽ കൃഷിയും ചുറ്റുമതിലും ഉൾപ്പെടുന്നതിനാൽ അതും ആഘാതബാധിതമാണ്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ അഞ്ച് തെങ്ങും അതിൽ നിന്നുള്ള വരുമാനവും പദ്ധതിയുടെ ആഘാതം കണക്കാക്കുമ്പോൾ പരിഗണിക്കണം.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണ പദ്ധതി നടപ്പാക്കുന്നത് മുതുതല വില്ലേജിൽ ഉൾപ്പെടുന്ന 50 സെൻറ് സ്ഥലത്താണ്. പദ്ധതി ആഘാത ബാധിതരായ രണ്ടുപേരുടെ ഭൂമികൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

2 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൂടാതെ പൊതു ഉപയോഗത്തിനുള്ള മറ്റ് ഭൂമികൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

**4.5 പദ്ധതിക്കുവേണ്ടി നിലവിൽ വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിട്ടുള്ളതോ ആയ ഭൂമി, പദ്ധതിയ്ക്കാവശ്യമായ ഓരോ ഭൂഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

നിലവിലുള്ള മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം പട്ടാമ്പി സഹകരണ ബാങ്കിന ടുത്തുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1995–ൽ മുതുതലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിച്ചിരുന്നു എങ്കിലും നാളിതുവരെ പരിമിതമായ സൗകര്യങ്ങളിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ഇതിനകം മറ്റ് ഭൂമി വാങ്ങുകയോ, അന്യവൽക്കരിക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി മുഴുവൻ മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുന്നതിനായി ഉപയോഗിക്കാൻ അർത്ഥനാധികാരി ഉദ്ദേശിക്കുന്നു.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല വില്ലേജിലാണ് നിർദ്ദിഷ്ട പദ്ധതി ഭൂമി. ആഘാത ബാധിത ഭൂമിയുടെ ഭൂരിഭാഗവും (100%) കൃഷിയാണ്. തെങ്ങും, നെല്ലുമാണ് പ്രധാന ഉൽപ്പാദന വിളകൾ. എന്നിരുന്നാലും പദ്ധതി പൂർത്തികരണ ത്തിനായി വേണ്ട ഭൂമി 50 സെൻറാണ്. പദ്ധതി ഭൂമിയിലെ നെൽ വയൽ വളരെ പരിമിതമായ ശതമാനം മാത്രമായതിനാൽ പ്രസ്തുത പദ്ധതിയായ മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിന് ഈ ഭൂമി അനുയോജ്യമാണെന്ന് മനസ്സിലാക്കുന്നു.

**4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഭൂരിഭാഗവും കൃഷി ഭൂമിയാണ്. ഔദ്യോഗികമായ എല്ലാ രേഖകളിലും ഈ ഭൂമി 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ചില ഭാഗങ്ങൾ നെൽവയലുകളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കുടുംബത്തിലെ രണ്ട് വ്യക്തികളുടെ ഉടമസ്ഥതയിലാണ് ഈ ഭൂമികൾ. പദ്ധതിക്കായി ആവശ്യമുള്ളതും ഏറ്റെടുക്കുന്നതും 50 സെൻറ് ഭൂമി യാണ്. കാർഷിക ഭൂമിയെ നിർദ്ദിഷ്ട പദ്ധതി ബാധിക്കും എന്നതിനാൽ അഘാത ഭൂമിയിലെ തെങ്ങിൻെറയും, നെൽചെടിയുടെയും വിളവുകൾ ആഘാത ബാധിത മാകുന്നുണ്ട്. പദ്ധതി ബാധിത ഭൂമിയുടെ ഇപ്പോഴത്തെ ഉപയോഗം വിശകലനം ചെയ്യുമ്പോൾ പദ്ധതി ബാധിതരുടെ ഭൂമിയിൽ ഭൂരിഭാഗവും കൃഷി സ്ഥലങ്ങളാണ്. അതിനാൽ വാസസ്ഥലങ്ങളോ,കെട്ടിടങ്ങളോ പദ്ധതി ആഘാത ബാധിതമാകുന്നില്ല.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

ആഘാത ബാധിതരായ വ്യക്തികൾക്ക് തങ്ങളുടെ ഭൂമി നഷ്ടപ്പെടുന്നത് വ്യത്യസ്ത വലിപ്പ ത്തിലാണ്. സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ പങ്കെടുത്ത ആഘാത ബാധിതരിൽ ഒരു വ്യക്തി തൻെറ ഭൂമി പരാമ്പര്യ സ്വത്തായി ലഭിച്ചതാണെന്ന് പറഞ്ഞു. എന്നാൽ ആഘാത ബാധിതരായ മറ്റൊരു കുടുംബം സ്ഥലത്തില്ലാത്തതിനാൽ അവരുടെ വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചില്ല. പ്രവർത്തന സജ്ജമായ പാർപ്പിട കെട്ടിടങ്ങ ളൊന്നും തന്നെ പദ്ധതി ബാധിതമല്ലെന്ന് സർവ്വേയിലൂടെ കണ്ടെത്തി.

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വേയിലൂടെ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ നിന്നും തൽപരകക്ഷികളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് പ്രദേശത്തെ വിപണി വില 2,00,000 രൂപയ്ക്കും, 3,00,000 രൂപയ്ക്കും ഇടയിലാണ്. ചില പ്രദേശങ്ങളിൽ ഇതിന് വ്യത്യാസം വന്നേക്കാം. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പദ്ധതി ബാധിത ഭൂമിയിൽ മറ്റിടപാടുകളൊന്നും നടന്നിട്ടില്ല പദ്ധതി പ്രദേശത്ത് കൃഷിയിലും, മറ്റ് ഭൂവിനിയോഗത്തിലും വലിയ മാറ്റങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല.

# അദ്ധ്യായം 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

## 5.1. പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

റവന്യുവകുപ്പിൽ നിന്നും ലഭ്യമായ രേഖപ്രകാരം 2 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കപ്പെടുന്നത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് സർവ്വേയിലൂടെ കണ്ടെത്തിയ 1 കുടുംബത്തിൻെറ വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നത്.

### *5.1.1* പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

ആഘാത ബാധിത വ്യക്തികൾ, വിലാസം, ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ അളവ്, സർവ്വേ നമ്പർ, എന്നിവ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.1.1.**

| നമ്പർ | സർവ്വേ നമ്പർ | ആവശ്യമുണ്ടായേക്കാവുന്ന ഭൂവിസ്തീർണ്ണം | സ്ഥല ഉടമകൾ/തൽപര കക്ഷികളുടെ പേര് |
|---|---|---|---|
| 1 | 195/3 | 20.234(50 സെൻറ്) | അനിതടി.പി.ഗോപാലയം വീട്, മുതുതല പി.ഒ.,പട്ടാമ്പി |
| 2 | 195/3 | | ഗീത ടി.പി.,ഭാവനവീട്, മണപ്പുള്ളിക്കാവ്, യാക്കര, പാലക്കാട് |

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പാലക്കാട് ജില്ലയിലെ മുതുതല പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത

പദ്ധതിക്കുവേണ്ടി ഏതെങ്കിലും വനഭൂമിയോ, പട്ടികവർഗ്ഗക്കാരുടെയോ/പട്ടിക ജാതി ക്കാരുടെയോ ഭൂമികളോ ഏറ്റെടുക്കപ്പെടുന്നില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല വില്ലേജിൽ പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിനായി പദ്ധതി പ്രദേശത്തെ പൊതു സ്വത്തുക്കളും വിഭവങ്ങളും ഒന്നും തന്നെ ബാധകമാകുന്നില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

അടുത്തയിടെ സർക്കാർ ഭൂമി നൽകിയ കുടുംബങ്ങൾ പ്രദേശത്തില്ല,ആയതിനാൽ അത്തരം കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

കഴിഞ്ഞ 3 വർഷകാലത്തിനുള്ളിൽ പ്രസ്തുത കുടുംബങ്ങളിലാരും അവിടെ ഭൂമി വാങ്ങിയവരല്ല, പ്രസ്തുത സ്ഥലം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് പാരമ്പര്യ ഉടമസ്ഥത ലഭിച്ചതാണ്.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ലഭ്യമായ റവന്യൂ രേഖകൾ പ്രകാരം പദ്ധതി ബാധിത ഭൂമിയെ “നിലം” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പദ്ധതി ബാധിതർ തങ്ങൾക്ക് പാരമ്പര്യ മായി ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യുന്നവരാണ്. ഈ കൃഷിയിലൂടെ ആഘാത ബാധിതർക്ക് വരുമാനമുള്ളതിനാൽ ഈ കൃഷി ആഘാത ബാധിതരുടെ ജീവനോപാധിയാണ്.

***5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)***

നിർദ്ദിഷ്ട പദ്ധതിമൂലം ആഘാതബാധിത സ്ഥലത്ത് പരോക്ഷമായ പ്രത്യാഘാത ങ്ങളൊന്നും ഇല്ല.

### *5.6.2 ചുവടെ കൊടുത്തിരിക്കുന്ന കച്ചവട സ്ഥാപനങ്ങൾ പദ്ധതി ആഘാത ബാധിതമായേക്കാം.*

പ്രസ്തുത പദ്ധതി പ്രദേശം കാർഷിക ഭൂമിയായതിനാൽ തെങ്ങ്, മരച്ചീനി, നെല്ല് തുടങ്ങിയവ പ്രധാനമായും കൃഷിചെയ്യപ്പെടുന്നു. അതിനാൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 50 സെൻറ് ഭൂമിയിലെ മുഴുവൻ കൃഷിയേയും (നിലവിൽ കൃഷി ഇല്ല) പദ്ധതി ബാധിക്കും. കൃഷി ഭൂമിയിൽ ഉണ്ടാകുന്ന ആഘാതത്തിനു പുറമേ 5 തെങ്ങുകൾ, പദ്ധതി പൂർത്തികരണത്തിനായ് മുറിച്ച് മാറ്റപ്പെടേണ്ടതായിവരും.

## അദ്ധ്യായം 6

## സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)




### 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

കേരളത്തിലെ പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൻെറ വടക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചാത്താണ് മുതുതല. ഈ സ്ഥലം കേരളത്തിൻെറ മധ്യഭാഗത്തായി കേന്ദ്രീകരിച്ചിരിക്കുന്നു. ഭാരതപ്പുഴ നദിയുടെ തീരത്ത് ഉടലെടുത്ത ഒരു ഗ്രാമപ്രദേശമാണ് മുതുതല. നിർദ്ദിഷ്ട പ്രാഥമിക ആരോഗ്യ കേന്ദ്ര ത്തിൻെറ നിർമ്മാണം ജനങ്ങൾക്ക് നേരിട്ട് പരിമിതമായ രീതിയിലെ ബാധിക്കു ന്നുള്ളു. പദ്ധതി ബാധിതരായ കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

പട്ടിക 6.1.1-ൽ കാണിച്ചിരിക്കുന്നതുപ്രകാരം , പദ്ധതി ബാധിത പ്രദേശത്തെ ഏറ്റവും പ്രചാരമുള്ള മതവിശ്വാസം ഹിന്ദു മതമാണ്. ആയതിനാൽ പദ്ധതി ബാധിതരായ രണ്ട് കുടുംബങ്ങളും ഹിന്ദുമത വിശ്വാസികളാണ്.

(പട്ടിക 6.1.1.) പദ്ധതിബാധിതരാകുന്ന ഒരു കുടുംബം പൊതുവിഭാഗത്തിൽ പ്പെടുന്നു. എന്നാൽ മറ്റ് ബാധിതരകുന്ന കുടുംബത്തിന്റെ സാമൂഹ്യ വിഭാഗം എന്താണെന്ന് വിവരങ്ങൾ ലഭിച്ചിട്ടില്ല.

പദ്ധതി ബാധിതരായ ജനസംഖ്യയുടെ കുടുംബ സംവിധാനം പട്ടിക 6..1.2. വിശദീകരിക്കുന്നു ആഘാത ബാധിതരായ ഒരു കുടുംബം അണുകുടുംബ സംവിധാനത്തിൽ ജീവിക്കുന്നു. എന്നാൽ ആഘാത ബാധിതരാകുന്ന മറ്റൊരു കുടുംബത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

പദ്ധതിബാധിതരാകുന്ന കുടുംബങ്ങളുടെ പ്രായം ചിത്രം 6.1.2.–ൽ വിവരിക്കുന്നു. ആഘാത ബാധിതകുടുംബത്തിൽ യഥാക്രമം 65, 52, 27 എന്നിങ്ങനെ വയസ്സുള്ള അംഗങ്ങളാണുള്ളത്.

ആഘാതബാധിത കുടുംബങ്ങളുടെ വിദ്യാഭ്യാസ യോഗ്യത പട്ടിക 6.1.4–ൽ നൽകിയിരിക്കുന്നു. ബാധിതരായ കുടുംബത്തിലെ രണ്ട് അംഗങ്ങൾ ബിരുദ വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഒരാൾ ബി.ടെക് യോഗ്യത കരസ്ഥമാക്കിയതുമാണ്.

ചിത്രം(6.1.1)




പട്ടിക (6.1.1.)

| സാമൂഹ്യ വിഭാഗം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| പട്ടിക ജാതി | 0 |
| പട്ടിക വർഗം | 0 |
| പൊതു വിഭാഗം | 1 |
| വിവരംലഭ്യമല്ല | 1 |
| **ആകെ** | **2** |

പട്ടിക (6.1.2)

| കുടുംബ സംവിധാനം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| അണു കുടുംബം | 1 |
| വിവരംലഭ്യമല്ല | 1 |
| **ആകെ** | **2** |

ചിത്രം(6.1.2)



**പട്ടിക (6.1.3)**

| **വൈവാഹികവസ്ഥ** | **എണ്ണം** |
|---|---|
| വിവാഹിതർ | 2 |
| അവിവാഹിതർ | 1 |
| വിവരംലഭ്യമല്ല family) | 1 |
| **ആകെ** | **4** |

**ചിത്രം (6.1.4)**




### 6.2. വരുമാനവും ദാരിദ്ര്യതലവും

പ്രസ്തുത പദ്ധതിബാധിതരാകുന്ന കുടുംബത്തിൻെറ വരുമാന നിലവാരം പരിശോധിക്കുമ്പോൾ ആഘാത ബാധിതരാകുന്ന കുടുംബത്തിൽ 40,000/- രൂപ പ്രതിമാസം വരുമാനമുണ്ട്. ആഘാത ബാധിതരാകുന്ന രണ്ട് കുടുംബങ്ങളിൽ ഒരു കുടുംബം മാത്രമാണ് പ്രസ്തുത ഭൂപ്രദേശത്ത് താസമിക്കുന്നത്. ആയതിനാൽ മറ്റ് ബാധിത കുടുംബത്തിൻെറ വിവരങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും ആഘാത ബാധിത

കുടുംബത്തിൽ ഒരു വരുമാന ദാതാവ് മാത്രമാണ് ഉള്ളത്. രണ്ട് ആശ്രിതരും ഈ കുടുംബത്തിൽ ജീവിക്കുന്നു. ഈ കുടുംബത്തിന് റേഷൻ കാർഡും ഇല്ല.

**6.3. ദുർബലജനവിഭാഗം**

പാലക്കാട് ജില്ലയിലെ മുതുതല പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുമ്പോൾ 50 സെൻറ് ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രദേശത്ത് വിദ്യാഭ്യാസം, വരുമാനം, ആരോഗ്യം തുടങ്ങിയ വ്യക്തിവികസനത്തിനുവേണ്ട അനുകൂല സാഹചര്യങ്ങൾ പദ്ധതി പ്രദേശത്തുണ്ട്. ആഘാത ബാധിത കുടുംബത്തിലെ ഒരംഗത്തിന് 65 വയസ്സിനു മുകളിൽ പ്രായം ഉണ്ട്. അതിനാൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ വ്യക്തിക്ക് പ്രത്യേക പരിഗണന നൽകണം.

**6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

പ്രസ്തുത പദ്ധതി പ്രദേശം കാർഷിക ഭൂമിയായതിനാൽ തെങ്ങ്, മരച്ചീനി, നെല്ല് തുടങ്ങിയവ പ്രധാനമായും കൃഷിചെയ്യപ്പെടുന്നു. അതിനാൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 50 സെൻറ് ഭൂമിയിലെ മുഴുവൻ കൃഷിയേയും (നിലവിൽ കൃഷി ഇല്ല) പദ്ധതി ബാധിക്കും. കൃഷി ഭൂമിയിൽ ഉണ്ടാകുന്ന ആഘാതത്തിനു പുറമേ 5 തെങ്ങുകൾ, പദ്ധതി പൂർത്തികരണത്തിനായ് മുറിച്ച് മാറ്റപ്പെടേണ്ടതായിവരും.

**6.5പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

നിർദ്ദിഷ്ട പദ്ധതി പ്രദേശം പാലക്കാട് ജില്ലയിലെ ഒരു ഗ്രാമീണ പ്രദേശമാണ് അതിനാൽ കൃഷിയും അനുബന്ധം പ്രവർത്തനങ്ങളുമാണ് ഈ പ്രദേശത്തെ തദ്ദേശവാസികളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉയർന്നതായതിനാൽ ഭൂരിഭാഗം ആളുകളും സർക്കാർ/പ്രൈവറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നു. പ്രദേശത്ത് നല്ലൊരു ശതമാനം ആളുകളും വിദേശത്ത് ജോലി ചെയ്യുന്നുണ്ട് അതിനാൽ ഇവർക്കും പ്രാദേശിക സമ്പത്ത് വ്യവസ്ഥയിൽ പങ്കാളികളാവുന്നു. കൂടാതെ ഈ പ്രദേശത്തെ കൃഷിയും പ്രത്യേകിച്ച് തെങ്ങും, നെല്ലും മറ്റും കുടുംബങ്ങൾക്ക് പ്രധാന വരുമാന മാർഗ്ഗങ്ങളാണ്.

**6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന്റെ കാഴ്ചപ്പാടിൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾ ഏകമനസ്സോടെ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി പ്രവർത്തിക്കു ന്നവരാണ്. പദ്ധതി പ്രദേശത്ത് 2 സർക്കാർ സ്കൂളുകളും, കലാ-കായിക മേഖലകളെയും വായനയും പ്രോത്സാഹിപ്പിക്കുവാൻ വിവിധ ക്ലബ്ബുകളും ഉണ്ട്.

**6.8. ഭരണ സംഘടനകൾ**

മുതുതല പഞ്ചായത്ത് കാര്യാലയം, പട്ടാമ്പി സഹകരണ ബാങ്ക് കാര്യാലയം തുടങ്ങിയ വയാണ് പദ്ധതി പ്രദേശത്തെ പ്രധാന ഭരണ സംഘടനാ സ്ഥാപനങ്ങൾ

**6.9 രാഷ്ട്രീയ സംഘടനകൾ**

പ്രധാന രാഷ്ട്രീയ പാർട്ടികളുടെ കാര്യാലയങ്ങൾ ഒന്നും തന്നെ നിർദിഷ്ട പദ്ധതി പ്രദേശത്തിനടുത്തില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പ്രദേശത്ത് എല്ലാ മത വിഭാഗങ്ങളിലും പെട്ട ജനങ്ങൾ ഉണ്ടെങ്കിലും കൂടുതൽ പേരും ഹിന്ദു മതവിഭാഗത്തിൽപ്പെടുന്നു. മുസ്ലീ മതവിശ്വാസികളും പ്രദേശത്ത് വസിക്കു ന്നു. എന്നിരുന്നാലും പദ്ധതി ഒരു മതസ്ഥാപനങ്ങളെയും ഒരു തരത്തിലും ബാധിക്കുന്നില്ല.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പാലക്കാട് ജില്ലയിലെ ഒരു ഗ്രാമപ്രദേശമാണ് മുതുതല. ഭാരതപ്പുഴ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശം താലൂക്ക് ആസ്ഥാനമായ പട്ടാമ്പിക്കും മുതുതല ടൗണിനും ഇടയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. തെങ്ങിനും നെല്ലിനും തുടങ്ങി വിവിധ ഇനം കൃഷികൾക്ക് പേരു കേട്ട പ്രദേശമാണ് മുതുതല. 2008 മുതൽ 2014 വരെയുള്ള കാലഘട്ടങ്ങളിലെ റിയൽ എസ്റ്റേറ്റ് കുതിച്ചു ചാട്ടവും കാർഷിക മേഖലയിലുണ്ടായ ഇടിവും ഈ പ്രദേശത്തെ ഭൂമികൾ കൂടുതലായി വാസയോഗ്യവും, വാണിജ്യപരവുമായ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു. കൂടാതെ പ്രദേശവാസികളിൽ നല്ലൊരു ശതമാനവും വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറിയതും (പ്രത്യേകിച്ച് മിഡിൽ ഈസ്റ്റിലേയ്ക്ക്) ഗാർഹിക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തു.

മുതുതല പ്രദേശത്തിന്റെ പരിവർത്തനത്തെയും ചരിത്രപരമായ മാറ്റ പ്രക്രിയയെയും സംബന്ധിച്ച് പ്രതികൂലമായ സ്വാധീനം ഒന്നും തന്നെ ഉണ്ടായതായി വിവരം ഇല്ല.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

പദ്ധതി പ്രദേശത്തെ ജനസംഖ്യയിലെ ഏറിയ പങ്കും ദാരിദ്രരേഖയ്ക്ക് മുകളിലുള്ള വരാണ്. കാരണം സ്കൂളുകൾ, ആശുപതികൾ,. സാംസ്കാരിക സംഘടനകൾ, സോഷ്യൽ ഗ്രൂപ്പുകൾ തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് പ്രദേശവാസികൾക്ക് കൂടുതൽ അഭിഗമ്യത കിട്ടി. പാലക്കാട് ജില്ലയിലെ വലിയ പട്ടണങ്ങളിലൊന്നായ പട്ടാമ്പിയിലേ യ്ക്ക് എളുപ്പം എത്തിച്ചേരാൻ സാധിക്കുമെന്നതിനാൽ ഉയർന്ന അടിസ്ഥാന സൗകര്യ ങ്ങളുള്ള ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടു ത്താൻ പ്രദേശവാസികൾക്ക് കഴിയുന്നു. മുതുതലയിൽ നിന്ന് ഏറ്റവും അടുത്തുള്ള പ്രധാന റയിൽവേ സ്റ്റേഷനിലേയ്ക്ക് 8.4. കി.മീ മാത്രം ദൂരമേയുള്ളു.

## അദ്ധ്യായം 7
## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിയുടെ പ്രത്യാഘാത ദുരീകരണം 3 ഘട്ടങ്ങളായാണ് വിലയിരുത്തിയത്. ആദ്യ ഘട്ടത്തിൽ പ്രാഥമിക പഠനത്തിലൂടെ ഒരു ഭൗതിക വിലയിരുത്തൽ നടത്തി. പദ്ധതിയുടെ ആശങ്കകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മനസ്സിലാക്കി. നിശ്ചിത ഘടനയിലൂടെയുള്ള ചോദ്യാവലിയിലൂടെ പദ്ധതി ബാധിത വ്യക്തികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തു. പിന്നീട് തത്പര കക്ഷികളും പ്രദേശത്തെ പ്രധാന വ്യക്തികളുമായി നടത്തിയ അഭിമുഖത്തിലൂടെ പദ്ധതിയുടെ പൊതുവായുള്ള ആശങ്കകളെക്കുറിച്ച് മനസ്സിലാക്കി. മൂന്നാമത്തെ ഘട്ടമായി പദ്ധതിയുടെ ആഘാതത്തെയും ആശങ്കകളെയും കുറിച്ച് വിശദമായി മനസ്സിലാക്കുവാൻ പബ്ലിക്ഹിയറിംഗ് 13.11.2019 ൽ നടത്തും.

### 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കഴിയുന്നത്ര ആഘാതങ്ങൾ കുറയ്ക്കുന്ന വിധത്തിലാണ് അർഥനാധികാരി മുതുതലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി മൂലം വാസഗൃഹങ്ങളോ പ്രധാന കൃഷി ഭൂമികളോ ആഘാത ബാധിതമാകുന്നില്ല. എന്നിരുന്നാലും ചില കുടുംബങ്ങളെയുംസമൂഹങ്ങളെയും പദ്ധതി പ്രതികൂലമായി ബാധിക്കുന്നതിനാൽ അത് ദുരീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms)No.448/2017/RDനമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.
- ആഘാതബാധിതമായേക്കാവുന്ന പൊതു സൗകര്യങ്ങൾ, വാസസ്ഥലങ്ങളിലേയ്ക്കും മറ്റു സ്ഥലങ്ങളിലേയ്ക്കുമുള്ള വഴി എന്നിവ പുനസ്ഥാപിതമാക്കുക

- പദ്ധതി മൂലം നശിപ്പിക്കപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ വിതരണം ചെയ്ത് പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം.
- നഷ്ടപ്പെടുന്ന ഉപജീവനമാർഗ്ഗം പുനസ്ഥാപിക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സുരക്ഷയും നിർമ്മാണ വേളയിൽഉണ്ടാകാനിടയുള്ള മാലിന്യങ്ങളുടെ ശരിയായ വിധത്തിലുള്ളനിർമ്മാജനവും,ഉറപ്പ് വരുത്തണം

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ

G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

**പട്ടിക (7.6.1)**

| ക്രമ നമ്പർ | ദുരീകരണ നടപടി | പ്രവർത്തനം |
|---|---|---|
| 1 | നഷ്ടപരിഹാരവും പുനസ്ഥാപനവും | ആഘാതം വിലയിരുത്തൽ നഷ്ടപരിഹാരം കണക്കാക്കൽ ഭൂമി കൈമാറ്റവും നഷ്ടപരിഹാര വിതരണവും |
| 2 | പൊതു സൗകര്യങ്ങൾ പുനർ നിർമ്മിക്കൽ | പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തോടൊപ്പം പൊതു സൗകര്യങ്ങളുടെ പുനർനിർമ്മിതി പ്രത്യേഗിച്ച് വഴി, വൈദ്യുതി മുതലായവ |
| 3 | നഷ്ടപ്പെടുന്ന ഉപജീവനമാർ ഗ്ഗത്തിന് പരിഹാര നടപടി | ഉപജീവനമാർഗ്ഗം ആഘാതബാധിതമാകുന്ന വ്യക്തിയുടെ ഭാവി വരുമാനം നിർണ്ണായക മായതിനാൽ ഉപജീവനമാർഗ്ഗം നഷ്ട പെടുന്ന വർക്ക് ന്യായമായ നഷ്ട പരിഹരം ഉറപ്പുവരു ത്തുക |
| 4 | പരിസ്ഥിതിയിലുണ്ടാകു ന്ന ആഘാതത്തിന് പരിഹാര നടപടി | വൃക്ഷതൈകൾ വിതരണം ചെയ്യ്; നഷ്ടപ്പെടുന്ന മരങ്ങൾക്ക് പകരം പുതിയവ നടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. |
| 5 | സുരക്ഷിതവും ഇടമുറിയാതെയുമുള്ള ഗതാഗതം ഉറപ്പ് വരുത്തുക | നിർമ്മാണ ഘട്ടത്തിൽ സുരക്ഷിതവും ഇടമുറി യാതെയുള്ള ഗതാഗതത്തിനുംനിർമ്മാണവേലയിലുണ്ടാകാനിടയു ള്ള മാലിന്യങ്ങളുടെ ശരിയായ വിധത്തിലുള്ള നിർമ്മാജനത്തിനുംനടപടികളെടുക്കുക |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

പാലക്കാട് ജില്ലയിലെ മുതുതലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുന്നത് മുതുതല ഗ്രാമ പഞ്ചായത്താണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം സംസ്ഥാന സർക്കാർ വ്യക്തമായ ഉത്തരവാദിത്തങ്ങൾ നൽകി പ്രത്യേകം ഉദ്യോഗസ്ഥരെ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ചുമതല പ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചി ക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോ ട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃര ധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപനഅഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ

- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ പുനഃരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും.(ഈ പദ്ധതിക്ക് പുനഃരധിവാസം ആവശ്യമായി കാണുന്നില്ല)

**8.2. ഗവൺമെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3.സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

മുതുതല ഗ്രാമ പഞ്ചായത്ത് ഇതിനെക്കുറിച്ച് അന്തിമ തിരുമാനം കൈകൊള്ളും.

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതംകൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

നിർദ്ദിഷ്ട മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണ പദ്ധതിയിലേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 12/02/2019 തീയതിയിലെ സർക്കാർ ഉത്തരവ് No.*319/2019LSGD* പ്രകാരം ലഭ്യമായ 15 ലക്ഷം രൂപയുടെ അടിസ്ഥാന അനുമതി നൽകി

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണ പദ്ധതി മൂലം 2 കുടുംബങ്ങൾ പദ്ധതി ബാധിതമാകും.മേൽനോട്ടത്തിനും വിലയിരുത്തലിനുമുള്ള പ്രധാന സൂചികകൾ ഇവയാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2015അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും.
- ആഘാതബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം സമയാധിഷ്ടിതമായിനൽകുക.
- നിശ്ചയിക്കപ്പെട്ട സമയക്രമമനുസരിച്ച് പദ്ധതി നടപ്പിലാക്കൽ
- സുരക്ഷാ നടപടികളും പരിസ്ഥിതി സുരക്ഷാ നടപടികളും
- ഉപജീവനമാർഗ്ഗംപുനസ്ഥാപിക്കുക

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രസ്തുത നിയമത്തിൻെറ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച നയങ്ങൾ ക്കനുസൃതമായി റിപ്പോർട്ടിംഗും മേൽനോട്ടവും.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

## അദ്ധ്യായം 11
## നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

വികസ്വര രാജ്യങ്ങളിലെ പൊതുജനാരോഗ്യ സേവന രംഗത്തെ അടിസ്ഥാന ഘടകം എന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് (പി.എച്ച്.സി) ഇവ ആളുകൾക്ക് വേഗത്തിൽ സമീപിക്കാനും, തങ്ങാനാവുന്നതുമായ ആരോഗ്യ പരിരക്ഷ പ്രദാനം ചെയ്യുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ എന്നത് സാമൂഹ്യ പങ്കാളിത്തത്തോട് കൂടി ആരോഗ്യ രംഗത്തെ അസമത്വങ്ങൾ കുറയ്ക്കുക, ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ആരോഗ്യ രംഗത്തെ അസമത്വങ്ങൾ കുറയ്ക്കുക, ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ആരോഗ്യ സേവനങ്ങൾ സംഘടിപ്പി ക്കുക, ആരോഗ്യത്തെ എല്ലാ മേഖലകളിലേയ്ക്കും സമന്വയിപ്പിക്കുക, ആരോഗ്യ തൊഴിൽശക്തി വികസിപ്പിക്കുക എന്നിവയാണ്.

ഇന്ത്യൻ ഭരണഘടനയിൽ ഭാരതത്തിന്റെ ആരോഗ്യ സംരക്ഷണം കേന്ദ്ര സർക്കാരി നെക്കാൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്ത പരിധിയിലായി വ്യവസ്ഥായി ക്കപ്പെട്ടിരിക്കുന്നു. അതിനാൽ പോഷകാഹാര നിലവാരവും ജീവിത നിലവാരവും ഉയർത്താനും പൊതുജന ആരോഗ്യം പ്രഥമ കടമയായി നിർവ്വഹിക്കാനും ഓരോ സംസ്ഥാനവും ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. മുതുതല പഞ്ചായത്തിൽ നിലവിൽ ഒരു ആരോഗ്യ കേന്ദ്രമുണ്ടെങ്കിലും അത് വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രധാന തടസം പരിമിതമായ സൗകര്യങ്ങളാണ്. ആയതിനാൽ മുതുതല ഗ്രാമത്തിന് ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളൊടുകൂടിയ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ആവശ്യ മാണ്. അതിനായി മുതുതല ഗ്രാമപഞ്ചായത്ത് ബ്ലോക്ക് നമ്പർ 195/3-ൽ പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മിക്കുവാൻ മുതുതല ഗ്രാമ പഞ്ചായത്ത് നിർദ്ദേ ശിച്ചു. പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല ഗ്രാമ പഞ്ചായത്തിലെ 50

സെൻറ് സ്ഥലം പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിനഐെയ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത പദ്ധതിക്കായി നിലവിൽ കണ്ടെത്തിയിരിക്കുന്ന ഭൂമിയിൽ വീടുകളോ മറ്റ് കെട്ടിടങ്ങളോ ഇല്ലാത്തതിനാൽ സ്ഥലം മാറ്റമെന്ന ഇതര മാർഗ്ഗം പരിഗണിക്കേണ്ടി വരുന്നില്ല. എന്നിരുന്നാലും 50 സെൻേറാളം കാർഷിക ഭൂമിയെ പദ്ധതി ബാധിക്കു മെന്നാലും ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ ഈ ആഘാതത്തെ ലഘൂകരി ക്കാൻ കഴിയും.

പദ്ധതി പൂർത്തീകരണത്തിനായി ഉണ്ടാകുന്ന ആഘാതങ്ങളുടെ സ്വഭാവം പരസ്പരം വ്യത്യാസപ്പെട്ടതാണ്. കൃഷി ഭൂമി നഷ്ടപ്പെടുന്നതാണ് ഈ പദ്ധതിയിലൂടെ ഉണ്ടാകുന്ന പ്രധാന ആഘാതമെങ്കിലും, ഈ കൃഷി ഭൂമിയിലൂടെ ലഭിച്ചിരുന്ന വിവിധ യിനം വിളകൾ നഷ്ടപ്പെടുന്നതുമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന കുടുംബങ്ങളും പദ്ധതിയിലൂടെ ആഘാതം അനുഭവിക്കേണ്ടതായി വരും. ആഘാതത്തിൻെറ സ്വഭാവം ഓരോ വ്യക്തിയിലും വ്യത്യസ്തമാണ്. ഉപയോഗിക്കുന്നതും ഉപയോഗിക്കാത്തതുമായ ഭൂമി നഷ്ടപ്പെടുന്നതാണ് പ്രധാന ആഘാതം, കൂടാതെ ഉപജീവന മാർഗ്ഗം നഷ്ടമാകൽ, മരങ്ങളുടെയും വിളകളുടെയും നഷ്ടം എന്നിവയും പ്രത്യാഘാതങ്ങളാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം2013പ്രകാരം നഷ്ടപരിഹാരം നഷ്ടമാകുന്ന വൃക്ഷങ്ങൾക്ക് പകരം മരം വച്ചു പിടിപ്പിച്ചും ആഘാതം ദൂരീകരിക്കാവുന്നതാണ്.

**11.2 ശുപാർശകൾ**

മുതുതല പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണത്തിൻെറ ഗുണകരവും വിപരിതവും ആയ ആഘാതങ്ങൾ വിലയിരുത്തിയതിൻെറ അടിസ്ഥനാത്തിൽ നിലവിൽ രേഖപ്പെടുത്തിയിരിക്കുന്നത് അനുസരിച്ചുള്ള ഭൂമിയേറ്റെടുക്കൽ നടപ്പിലാക്കാവുന്ന താണെന്ന് സമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ശുപാർശ ചെയ്യുന്നു. പദ്ധതി പ്രദേശത്തിൻെറ ജീവിത നിലവാരം പ്രത്യേകിച്ച് ആരോഗ്യ പരിരക്ഷ മെച്ചപെടുത്തും എന്നതിനാൽ പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള വിപരീത

ആഘാതങ്ങളുമായ് ആഘാത ബാധിത വ്യക്തികൾ താദാത്മ്യം പ്രാപിക്കും. പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിനു താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

ആഘാതബാധിതമാകുന്ന കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതു മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ച് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 29/9/2017 തീയതിയിൽ G.O(ms)No.448/2017/RD നമ്പർ പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പോളിസി പ്രകാരം ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും നൽകി പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ മുതുതല വില്ലേജിൽ പ്രാഥമിക ആരോഗ്യ കേന്ദ്ര നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കാവുന്നതാണ്.

- പദ്ധതി മൂലം ബാധിതമാകുന്ന പൊതുസൗകര്യങ്ങളും വീടുകളിലെക്കുള്ള ഗതാഗത സൗകര്യങ്ങളും നഷ്ടപ്പെടുന്നില്ല എന്നു ഉറപ്പുവരുത്തുക.
- പദ്ധതി മൂലം നഷ്ടപെട്ട മരങ്ങൾക്ക് പകരം വൃക്ഷ തൈകൾ ഇരട്ടിയായി നട്ടുപിടിപ്പിക്കാൻ മുൻകൈ എടുക്കേണ്ടതാണ്
- നഷ്ടമാകുന്ന ജീവനോപാധികൾ കുടുംബത്തിലെ ആശ്രിതർക്കുകൂടി പ്രയോജനം ലഭിക്കത്തക്കവണ്ണം നൽകേണ്ടതാണ്
- പദ്ധതി നടത്തിപ്പിന്റെ സമയത്ത് ജനങ്ങളുടെ സുരക്ഷയും ആരോഗ്യകരമായ മാലിന്യ സംസ്കരണവും ഉറപ്പുവരുത്തേണ്ടതാണ്

# References


1. The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013
2. Rehabilitation and Resettlement Package for acquisition of Land in the State in lieu of RCFTLAAR Act, 2013 G.O. (Ms) No. 448/2017/RD dated 20/12/2017
3. Muthuthala Grama PanchayatPadhathirekha 2016-18
4. Muthuthala Grama panchayat five year plan booklet 2017-2022